**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1829** **29-09-2025 - ൽ മറുപടിയ്ക്ക്**

**എൻജിനീയറിംഗ് കോളേജുകളിൽ നവീന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ കാലഘട്ടത്തിനനുസൃതമായി നവീനകോഴ്സുകൾ ആരംഭിച്ച് ഈ മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ) | പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ കഴിഞ്ഞ അധ്യയന വർഷങ്ങളിൽ ധാരാളം പുതുതലമുറ കോഴ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ സ്വകാര്യ കമ്പനികൾ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ, അക്കാദമിക്, കല, ആരോഗ്യ സൗകര്യങ്ങൾ, സർക്കാർ ഏജൻസികൾ, സൈന്യം, ഐ ടി, റീട്ടെയിൽ, ഓട്ടോമോട്ടീവ്, മാനുഫാക്ചറിംഗ്, ഫിനാൻസ്, ഹെൽത്ത് കെയർ, കൊമേഴ്സ്, ടെലികമ്മ്യൂണിക്കേഷൻസ് തുടങ്ങിയ വിവിധ മേഖലകളിൽ AI, ML സാങ്കേതിക വിദ്യകളുടെ സ്വീകാര്യത വർദ്ധിച്ചു വരുന്നതിനാൽ, അനന്തമായ ജോലി സാധ്യതയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് കോഴ്സിനൊപ്പം മെഷീൻ ലേണിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, ക്ലൗഡ് സേവനങ്ങൾ, സൈബർ സുരക്ഷ തുടങ്ങിയ ബിരുദ/ബിരുദാനന്തര കോഴ്സുകൾ വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുള്ളതിനാൽ എഞ്ചിനീയറിംഗ് മേഖലയിൽ നിലവിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.<br><br>2024-2025, 2025-2026 അധ്യയന വർഷങ്ങളിൽ വകുപ്പിന് കീഴിൽ ആരംഭിച്ച പുതുതലമുറ കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ അന്തർദേശീയ മുന്നേറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കാലഘട്ടത്തിനു അനുസൃതമായി വിദ്യാർത്ഥികളുടെ ഉപരിപഠനത്തോടൊപ്പം ഗവേഷണത്തിനും സംരംഭകത്വത്തിനും തൊഴിൽ നൈപുണ്യത്തിനും |

ഊന്നൽ നൽകിക്കൊണ്ടാണ് സർവകലാശാല പാഠ്യപദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. എ പി ജെ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2024-25 അക്കാഡമിക് വർഷം ബി ടെക്, ബി എച്ച് എം സി ടി, ബി ഡെസ് പ്രോഗ്രാമുകളുടെ പദ്ധതിയും സിലബസും പരിഷ്കരിച്ചു. കൂടാതെ ഇൻഡസ്ട്രിയിൽ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്റ്റീവ്സ്, മൈനർ, MOOC തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എല്ലാ വിദ്യാർത്ഥികൾക്കും നൈപുണ്യ ശേഷി വികസിപ്പിക്കുന്ന രീതിയിലുള്ള നൈപുണ്യ അധിഷ്ഠിത കോഴ്സുകളും ലബോറട്ടറി കോഴ്സുകളും പ്രൊജെക്ടുകൾ തുടങ്ങിയവ കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8 ആഴ്ച മുതൽ 6 മാസങ്ങൾ വരെ നീണ്ടു നിൽക്കുന്ന ഷോർട് ടേം, ലോങ് ടേം ഇന്റേൺഷിപ്പുകളും കൂടാതെ ഒരു വർഷം വരെ നീണ്ടു നിൽക്കുന്ന ഇന്റേൺഷിപ്പുകളും പരിഷ്കരിച്ച പാഠ്യ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

പരമ്പരാഗത Continuous Internal Evaluation - (CIE) ഇല്ലാതെ തന്നെ വിദ്യാർത്ഥികൾക്ക് പ്രത്യേക വിഷയങ്ങളിൽ അവരുടെ അറിവും കഴിവും തെളിയിക്കാൻ അവസരം നൽകുന്ന ചലഞ്ച് പരീക്ഷകൾ (Challenge Exams) അല്ലെങ്കിൽ Credit by Examination Courses, B.Tech 2024 കോഴ്സിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക്, ഉയർന്ന സെമസ്റ്ററുകളിൽ ഉൾപ്പെടുത്തിയ ചലഞ്ച് കോഴ്സുകൾ താഴത്തെ സെമസ്റ്ററുകളിൽ തന്നെ നിശ്ചിത പട്ടിക അനുസരിച്ച് എഴുതാനുള്ള അവസരം നൽകുന്നു. അവസാന വർഷം അക്കാദമിക ഭാരം കുറച്ച്, സംരംഭകത്വ മേഖലയിൽ അതിവേഗം ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിദ്യാർത്ഥികൾക്ക് പുതിയ ബിസിനസ് ആശയങ്ങളും സംരംഭങ്ങളും വളർത്താനും പരീക്ഷിക്കാനും കഴിയും.

നാസ്കോമുമായി സഹകരിച്ച് ഒന്നാം വർഷ ബിരുദ പാഠ്യപദ്ധതിയിൽ കെടിയു ഫൗണ്ടേഷണൽ സ്കില്ലിംഗ് കോഴ്സ് ഡിജിറ്റൽ 101 ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫ്യൂച്ചർസ്കിൽസ് പ്രൈം സംരംഭത്തിന് കീഴിൽ നാസ്കോം ആരംഭിച്ച ഒരു കോഴ്സ് / "പഠന യാത്ര" ആണ് ഡിജിറ്റൽ 101.

ഡിജിറ്റൽ/ഉയർന്നു വരുന്ന സാങ്കേതിക വിദ്യകളിൽ അടിസ്ഥാന അറിവ് നൽകുക, അവശ്യ സോഫ്റ്റ്

ബിസിനസ് കഴിവുകൾ നൽകുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

പഠിതാക്കൾക്ക് കൂടുതൽ ഡിജിറ്റൽ പ്രാവീണ്യമുള്ളവരാകാനും, AI, IoT, ബിഗ് ഡാറ്റ തുടങ്ങിയ സാങ്കേതിക വിദ്യകൾ മനസ്സിലാക്കാനും, ഡിജിറ്റൽ അവബോധം ആവശ്യമുള്ള അഭിമുഖങ്ങൾക്കും റോളുകൾക്കും നന്നായി തയ്യാറാകാനും സഹായിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്കു ഊന്നൽ നൽകി കൊണ്ടുള്ള ബാച്ചിലർ ഓഫ് വൊക്കേഷണൽ സ്റ്റഡീസ് പ്രോഗ്രാം ആരംഭിക്കുവാൻ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കേരളാ സ്റ്റാർട്ട് അപ്പ് മിഷനുമായി കൈകോർത്തുകൊണ്ട Engineering Entrepreneurship & IPR എന്ന കോഴ്സ് പുതിയ പാഠ്യ പദ്ധതിയുടെ ഭാഗമായി ബിരുദ പ്രോഗ്രാമുകളുടെ രണ്ടാം സെമെസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകത്വ മേഖലയിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി Start Up Cell ഉം Intellectual Property Rights -മായി ബന്ധപ്പെട്ട ബോധവത്കരണത്തിലേക്കായി IPR Centre ഉം സർവകലാശാല സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥി സമൂഹത്തെ ഇൻഡസ്ട്രിയിലുള്ള വിദഗ്ധരുമായി ബന്ധിപ്പിക്കുക, ഇന്റേൺഷിപ്പുകളും പ്ലേസ്മെന്റുകളും ലഭ്യമാക്കുക, പ്ലേസ്മെന്റ് അവസരങ്ങൾ ലഭ്യമാക്കുക തുടങ്ങിയവയെ മുൻനിർത്തി Industry Attachment Cell and Placement Cell സർവകലാശാല രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ സാങ്കേതിക ശാസ്ത്ര വിദ്യാഭ്യാസ മേഖലയെ അന്തർദേശീയ തലത്തിലെക്കുയർത്തുക എന്ന ലക്ഷ്യത്തോടെ, നൈപുണ്യ വികാസത്തിനും ഗവേഷണത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള പഠന ഗവേഷണ സ്കൂളുകൾ 2024-25 അക്കാദമിക വർഷം ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക ഉന്നത വിദ്യാഭ്യാസ മേഖല സംസ്ഥാന സർക്കാർ പ്രത്യേകമായി വിഭാവനം ചെയ്ത രീതിയിൽ മാറ്റിയെടുക്കുന്നതിനായി സർവകലാശാല മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ

2. ഗവൺമെന്റ് മോഡൽ എഞ്ചിനീയറിംഗ് കോളേജ്, തൃക്കാക്കര
3. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം.

ഇത്തരം കേന്ദ്രങ്ങളിൽ ഇൻഡസ്ട്രി ഇൻ ക്യാമ്പസ് ടെക്നോളജി, ബിസിനസ് ഇൻക്യുബേറ്റർ, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഗവേഷണത്തിലും വിദ്യാർത്ഥി പരിശീലനത്തിലുമൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇവയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ Teaching and Learning methods പരിഷ്കരിക്കുന്നതിനായി Human Resources Development Centre സർവ്വകലാശാലയിൽ ആരംഭിച്ചിട്ടുണ്ട്.

കൂടാതെ വിദേശ യൂണിവേഴ്സിറ്റികളുമായി ചേർന്ന് സംയുക്ത ബിരുദം, ഡ്യൂവൽ ഡിഗ്രി പ്രോഗ്രാമുകൾ, വിദ്യാർത്ഥികളുടെ കൈമാറ്റം, അധ്യാപക കൈമാറ്റം, ട്രിന്നിങ് പ്രോഗ്രാമുകൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള ചർച്ചകളും നടപടികളും സർവകലാശാല തലത്തിൽ സ്വീകരിച്ചു വരുന്നു.

ഇപ്രകാരം കാലഘട്ടത്തിനനുസരിച്ച് സർവകലാശാല സ്വീകരിച്ചിട്ടുള്ള നടപടികൾ ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകമാണ്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | വർഷം | സ്ഥാപനം | പ്രോഗ്രാം | കോഴ്സ് | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | 2024-25 | സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ബാർട്ടൺഹിൽ, തിരുവനന്തപുരം | എം.ടെക് | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റാ സയൻസ് (18 സീറ്റുകൾ) (ഇന്റർ ഡിസിപ്ലിനറി കോഴ്സ്) | സ.ഉ(സാധ)നം.1002 /2024/ഉവിവ തീയതി 08.08.2024 |
| | | | എം.ടെക് | മെക്കാനിക്കൽ എഞ്ചിനീയറിംഗ് - മെക്കാട്രോണിക്സ് (18 സീറ്റുകൾ) | “ |
| 2 | 2024-25 | ആർ ഐ ടി, കോട്ടയം | എം.ടെക് | മെക്കാനിക്കൽ എഞ്ചിനീയറിംഗ് - ഡാറ്റാ സയൻസ് (18 സീറ്റുകൾ) | സ.ഉ(സാധ)നം.1002 /2024/ഉവിവ തീയതി 08.08.2024 |
| | | | എം.ടെക് | റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (18 സീറ്റുകൾ) (ഇന്റർ ഡിസിപ്ലിനറി കോഴ്സ്) | “ |
| | | | എം.ടെക് | ഇലക്ട്രിക് വെഹിക്കിൾ ടെക്നോളജി (18 സീറ്റുകൾ) (ഇന്റർ ഡിസിപ്ലിനറി കോഴ്സ്) | “ |
| 3 | 2024-25 | സിഇടി തിരുവനന്തപുരം | ബി ടെക് | ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വകുപ്പ് - ഇലക്ട്രിക്കൽ & കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് (60 സീറ്റുകൾ) | 29.07.2024 ലെ സ.ഉ.(സാധാ) നം. 942/2024/ഉവിവ |
| 4 | 2024-25 | സർക്കാർ | എം.ടെക് | ആർട്ടിഫിഷ്യൽ | 13.09.2024 ലെ |

| | | | | | |
|---|---|---|---|---|---|
| | | എഞ്ചിനീയറിംഗ കോളേജ്, കണ്ണൂർ | | ഇന്റലിജൻസ് & ഡാറ്റാ സയൻസ് (18 സീറ്റുകൾ) കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് | സ.ഉ (സാധാ) നം. 1164/2024/ഉവിവ |
| 5 | 2025 - 26 | സർക്കാർ എഞ്ചിനീയറിംഗ കോളേജ്, കണ്ണൂർ | എം.ടെക് | ഇന്റർനെറ്റ് ഓഫ് തിങ്സ് | 17.01.2025 ലെ സ.ഉ.(സാധാ) നം. 88/2025/ഉവിവ |
| 6 | " | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ഇടുക്കി | ബി.ടെക് | റോബാട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (30 സീറ്റുകൾ) | 11.08.2025 ലെ സ.ഉ.(സാധാ) നം. 1082/2025/ഉവിവ |

സെക്ഷൻ ഓഫീസർ